639119

**D124374** **(Pages : 3)** **Name.......................................**

**Reg. No...................................**

## SECOND SEMESTER (CBCSS–UG) DEGREE SUPPLEMENTARY EXAMINATION, APRIL 2025

B.Com./B.B.A.

Malayalam

MAL2A 08 (2)—MALAYALA SAHITHYA PADANAM 2

(2019 Syllabus)

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്.

1. കൈരളിയെ പാടവഹീനയെന്നു പറയാൻ കഴിയാത്തത് എന്തുകൊണ്ട് ?
2. പെറ്റമ്മയും മാതൃഭാഷയും ഒരുപോലെയാണെന്നു പറയാൻ കാരണമെന്ത് ?
3. "നില തെറ്റാതേ നിന്നേൻ ധർമ്മത്തെ സ്മരിച്ചു കൊ-

   ണ്ടുലയും മഴുത്തുമ്പിലൂന്നിയ മിഴിയുമായ് "

   –സന്ദർഭം ചൂണ്ടിക്കാട്ടുക.
4. മഹേന്ദ്രാചലത്തിലിരുന്ന് പരശുരാമൻ കണ്ട മലയാള ദേശത്തിന്റെ പ്രത്യേകതയെന്തായിരുന്നു ?
5. നെറുകയിൽ ഇരുട്ടേന്തി നിൽക്കുന്ന പാറാവുകാർ ആരാണ് ?
6. പാണിനിയെ പഠിപ്പിച്ചവനാണ് വിശ്വാമിത്രൻ എന്ന് വി.കെ.എൻ. സ്ഥാപിക്കുന്നതെങ്ങനെ ?
7. "ഒരു കണക്കിന് പുതിയ പിള്ളേരാ ശരി"–ഈ വിലയിരുത്തലിന് ആധാരമായ സന്ദർഭമേത് ?
8. നഷ്ട് സാവിത്രിയിൽ ഡോക്ടർ കോശി കാണുന്ന തകരാറെന്ത് ?
9. "ഞാൻ മനുഷ്യക്കുട്ടിയല്ലേ ? എനിക്ക് ജീവനുണ്ട്. എനിക്ക് മമ്മയെ കാണാൻ സാധിക്കാത്തതു കൊണ്ട് സങ്കടം വരുന്നുണ്ട്. ആരുടെ വാക്കുകളാണിത് ? ഇങ്ങനെ പറയുന്ന സന്ദർഭമേത് ?
10. "മൊകത്തോട് മൊകം നോക്കി നിന്നപ്പോ കുലത്തിന്റെ മാനം മുഴ്വോനാ ചെതറിവീണത്. മുഖത്തോട് മുഖം നോക്കിനിന്നതാരൊക്കെ ? എപ്പോൾ ?
11. "സ്വച്ഛവും ലളിതവുമായ ജനസമ്മതിയുടെ മേൽ ഒരു മഹാഭാരമായി അടിച്ചേൽപ്പിക്കപ്പെട്ടു–ആ മഹാഭാരം എന്താണ് ?
12. "ആ ശാപം എന്നേ കാലഹരണപ്പെട്ടു. ഏതു ശാപത്തെക്കുറിച്ചാണ് ദശരഥൻ സൂചിപ്പിക്കുന്നത് ?

**Turn over**

639119

639119



13. "അതികാമം കൊണ്ട് അന്ധനായ സ്ത്രീജിതന്റെ വൃദ്ധപ്പിച്ചുകൾ ഞാൻ മാനിക്കുന്നില്ല"–ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഈ പ്രതികരണം ?

14. സീതയുടെ വീക്ഷണത്തിൽ 'അയോധ്യക്ക് നഷ്ടമായ ഭാഗ്യം' എന്താണ് ?

15. "എന്റെ ഈ യാത്രയുടെ രഹസ്യം അവർക്കറിയാം. അതുകൊണ്ടു തന്നെയാണ് അവർക്ക് എതിർപ്പ് " –രഹസ്യമെന്ത് ? എതിർക്കുന്നതാര് ?

(Maximum Marks 25)

**Section B**

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി 35 മാർക്ക്.

16. പുത്രധർമ്മം മറക്കുന്നത് ലജ്ജാകരവും ദുഃഖപ്രദവുമാണെന്ന് മഹാകവി വള്ളത്തോൾ പറയുന്നതെന്തു കൊണ്ട് ?

17. "അവിടെപ്പുതുനെല്ലും പൂക്കളും മണം വീശു-

    മവിടെ പ്രകൃതിയിന്നുത്സവമൊരുക്കുന്നു"

    –എവിടെ ? സന്ദർഭത്തോടു ബന്ധിപ്പിച്ച് ആശയം വ്യക്തമാക്കുക.

18. "ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ–വിവക്ഷിതം വ്യക്തമാക്കുക.

19. ദുഷ്യന്തൻ മാഷ് ഹസ്തിനപുരി പ്രവിശ്യയുടെ ഭരണം ഏറ്റെടുത്ത വിധം എങ്ങനെ ?

20. സിസ്റ്റർ ഫ്ളോറയുടെ ഹൃദയത്തിൽ സമാധാനം നഷ്ടമായതെന്തുകൊണ്ട് ?

21. ഞാൻ പറഞ്ഞില്ലേ–കല്യാണത്തിന് നിങ്ങൾക്ക് ബുദ്ധിമുട്ടുള്ള ചടങ്ങൊന്നും ഉണ്ടാവില്ല. സന്ദർഭവും ആശയ തലവും വിശദമാക്കുക.

22. "അമ്മയുടെ ഗതിവരാതെ നോക്കാൻ മകൾക്കു കരുത്തുണ്ട് "–അമ്മയും മകളും ആരൊക്കെ ? ഇവിടെ സൂചി പ്പിക്കുന്ന ദുർഗതി എന്ത് ?

23. "നീ അറിയാതെ ചെയ്ത പാപമാകയാൽ നിനക്കു വലിയ വിപത്തുണ്ടാകയില്ല"—പാപി ആര് ? പാപമെന്ത് ?

(Maximum Marks 35)

639119

639119



## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. 10 മാർക്ക് വീതം.

24. മഴുവിന്റെ കഥ എന്ന കവിതയിലൂടെ ബാലാമണിയമ്മ പ്രകടമാക്കുന്ന ജീവിതദർശനമെന്തെന്ന് നിരീക്ഷിക്കുക.

25. മനുഷ്യബന്ധങ്ങളിൽ വന്നുഭവിച്ച തകർച്ചയുടെയും മൂല്യരാഹിത്യത്തിന്റെയും കലാത്മകമായ ആവിഷ്കരണമാണ് ബംഗ്ലാവ് എന്ന ചെറുകഥ–സമർത്ഥിക്കുക.

26. ഒ.വി. വിജയന്റെ നൈതികജാഗ്രതയുള്ള രാഷ്ട്രീയ മനസ്സിന്റെ പ്രതിഫലനമാണ് ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മ–നിരൂപിക്കുക.

27. നാടകത്തിന്റെ ജീവൻ സംഭാഷണമാണ് എന്ന് തെളിയിക്കും വിധമാണ് സി.എൻ. രാമായണനാടകത്രയം സൃഷ്ടിച്ചിരിക്കുന്നത്. സാകേതത്തെ ആസ്പദമാക്കി വിലയിരുത്തുക.

(2 × 10 = 20 marks)

639119